**ജി.എസ്.ടി വ്യവസ്ഥകൾക്കു വിധേയമായി നോർക്ക റൂട്ട്സ് തിരിച്ചറിയൽ കാർഡുകളുടെ നിരക്ക് പുതുക്കി നിശ്ചയിച്ചു**

എല്ലാ സേവനങ്ങൾക്കും ജി.എസ്.ടി ബാധകമാണെന്ന ജി.എസ്.ടി വ്യവസ്ഥയനുസരിച്ച് നോർക്ക റൂട്ട്സ് പ്രവാസികൾക്ക് നൽകി വരുന്ന തിരിച്ചറിയൽ കാർഡുകളുടെയും, ഇൻഷുറൻസ് സേവനങ്ങളുടെയും ഫീസ് പരിഷ്കരിച്ച് ഉത്തരവായി. പ്രവാസി തിരിച്ചറിയൽ കാർഡ്, സ്റ്റുഡന്റ്സ് ഐഡികാർഡ്, എൻ. ആർ.കെ ഇൻഷുറൻസ് കാർഡ് ,പ്രവാസി രക്ഷ ഇൻഷുറൻസ് പോളിസി എന്നീ സേവനങ്ങൾക്ക് 18% ജി.എസ്സ് .ടി കൂടി ഉൾപ്പെടുത്തിയാണ് നിരക്കുകൾ പരിഷ്കരിച്ചത്. പുതുക്കിയ നിരക്കുകൾ 2023 ഫെബ്രുവരി ഒന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് നോർക്ക റൂട്ട്സ് സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരി അറിയിച്ചു.

പുതുക്കിയ നിരക്കുകൾ അനുസരിച്ച് പ്രവാസി തിരിച്ചറിയൽ കാർഡ് 315 രൂപ ഈടാക്കിയ സ്ഥാനത്ത് 372 രൂപയാണ് പുതുക്കിയ നിരക്ക്. സ്റ്റുഡന്റ് ഐഡി കാർഡിന് 315 രൂപയിൽ നിന്നും 372 രൂപയായും, എൻ.ആർ.കെ ഇൻഷുറൻസ് കാർഡിന് 315 രൂപയിൽ നിന്നും 372 രൂപയായും, പ്രവാസി രക്ഷ ഇൻഷുറൻസ് പോളിസി 550 രൂപയിൽ നിന്നും 649 രൂപയായുമാണ് പരിഷ്കരിച്ചത്. ജി.എസ്.ടി ഉൾപ്പെടെയുള്ള നിരക്കാണിത്.